**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. V. VIGNESHWARI. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – പോഷകബാല്യം 2025-26 മാർച്ച് 20 മുതൽ 31 വരെ ചെലവഴിച്ച തുക, 2026-27 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ (ഏപ്രിൽ-ജൂൺ) നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ ഫണ്ട് റിക്വസ്റ്റ്

2. വനിതാ ശിശു വികസന ഡയറക്ടറുടെ 27.04.2026 ലെ ഇതേ നമ്പർ നടപടിക്രമം

<u>ഉത്തരവ് നം: DWCD/2016/2026-ICDSB1</u> <u>തീയതി: 09-06-2026</u>

പോഷകബാല്യം പദ്ധതിക്കായി 2025-2026 സാമ്പത്തിക വർഷം മാർച്ച് 20 മുതൽ 31 വരെ ചെലവഴിച്ച തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലകളിൽ നിന്നും വനിതാ ശിശു വികസന ഓഫീസർമാരുടെ റിക്വസ്റ്റ് പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം മുട്ടയ്ക്ക് 85,53,269/- രൂപയും, പാലിന് 88,78,055/- രൂപയും ഉൾപ്പെടെ ആകെ 1,74,31,324/-രൂപയും അനുവദിക്കേണ്ടതുണ്ട്.

പോഷകബാല്യം 2026-27 സാമ്പത്തിക വർഷത്തെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസൽ അംഗീകരിച്ച് മിനിട്സ് ലഭ്യമായിരുന്നു. 2026-27 സാമ്പത്തിക വർഷത്തെ ഭരണാനുമതി ഉത്തരവ് ലഭ്യമാകുന്നതു വരെ 2025-26 സാമ്പത്തിക വർഷത്തിലെ ടെണ്ടർ/ക്വട്ടേഷൻ/നേരിട്ട് വാങ്ങൽ (ലോക്കൽ പർച്ചേസ്) കരാർ ദീർഘിപ്പിച്ച് പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കാവുന്നതാണെന്ന സർക്കാർ നിർദേശം ലഭിച്ചിരുന്നു. ആയത് കീഴ്ഓഫീസുകളെ അറിയിച്ച് 2026-27 സാമ്പത്തിക വർഷത്തെ പോഷകബാല്യം പദ്ധതി നടത്തിപ്പിലേയ്ക്കായി ആദ്യ ഗഡു (ഏപ്രിൽ-ജൂൺ ) പരാമർശം ( 2) പ്രകാരം 13,30,50,000/-രൂപ ജില്ലകൾക്ക് അനുവദിച്ചിരുന്നു.. ഈ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം മാർച്ച് 20 മുതൽ 31 വരെ പോഷകബാല്യം പദ്ധതിയ്ക്ക് ചെലവ് വന്നിട്ടുള്ള തുക ആദ്യ ഗഡു അനുവദിച്ച തുകയിൽ അവശേഷിക്കുന്ന തുകയിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| പോഷകബാല്യം 2025-26 | | | | |
|---|---|---|---|---|
| | | | | |

| ക്രമ നമ്പര് | ജില്ലാ | മാർച്ച് മാസം ഇനി മുട്ടയ്ക്ക് ആവശ്യമായ തുക | മാർച്ച് മാസം ഇനി പാലിന് ആവശ്യമായ തുക | ആകെ ആവശ്യമായ തുക |
|---|---|---|---|---|
| 1 | Thiruvananthapuram | 989437 | 991364 | 1980801 |
| 2 | Kollam | 938545 | 765797 | 1704342 |
| 3 | Pathanamthitta | 424048 | 323936 | 747984 |
| 4 | Alappuzha | 657473 | 582907 | 1240380 |
| 5 | Kottayam | 716487 | 473992 | 1190479 |
| 6 | Ernakulam | 579051 | 815998 | 1395049 |
| 7 | Idukki | 422654 | 405074 | 827728 |
| 8 | Thrissur | 1124306 | 1031718 | 2156024 |
| 9 | Palakkad | 986125 | 705882 | 1692007 |
| 10 | Malappuram | 689878 | 946701 | 1636579 |
| 11 | Wayanad | 570870 | 427236 | 998106 |
| 12 | Kozhikkode | 312329 | 933371 | 1245700 |
| 13 | Kannur | 142066 | 474079 | 616145 |
| 14 | Kasargode | 0 | 0 | 0 |
| | **TOTAL** | 8553269 | 8878055 | 17431324 |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും ശേഖരിച്ച് പ്രോഗ്രാം ഓഫീസർമാർ ക്രോഡീകരിച്ച ജില്ലാ വനിതാ ശിശു വികസന ഓഫീസർ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

V. VIGNESHWARI. IAS

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസര്മാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
3. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്